## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1832 — 07/12/2015-ന് മറുപടിക്ക്

### മലയാളം ഔദ്യോഗിക ഭാഷയാക്കാൻ പദ്ധതി

**ചോദ്യം**

ശ്രീ. അൻവർ സാദത്ത്
ശ്രീ. ഐ.സി.ബാലകൃഷ്ണൻ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. ഷാഫി പറമ്പിൽ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളത്തെ ഔദ്യോഗിക ഭാഷയാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | മലയാളം കമ്പ്യൂട്ടിങ്ങ് പരിശീലനം, ഭരണഭാഷാ പരിശീലനം, കോഡുകളും മാന്വലുകളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ബോർഡുകൾ മലയാളത്തിലാക്കൽ, പരിഭാഷാ സെൽ രൂപീകരണം, വകുപ്പുതല സമിതി, ഭരണഭാഷാ പ്രചാരണം മലയാളത്തിലാക്കൽ, വെബ് സൈറ്റിലെ വിവരം മലയാളത്തിൽ കൂടി ലഭ്യമാക്കൽ, ക്ലാസ് I & II ഓഫീസർമാർക്ക് മലയാളം കമ്പ്യൂട്ടിംഗിലും ഭാഷയിലും പരിശീലനം നൽകൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടാണ് കർമ്മ പരിപാടി രൂപപ്പെടുത്തിയത്. പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിലും ഏകോപനാധികാരിയെ നിയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | ഭരണഭാഷാ വർഷാഘോഷം 2015 നവംബർ 1 മുതൽ 2016 ഒക്ടോബർ 31 വരെയുള്ള ഒരു വർഷക്കാലത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഭാഷാമാറ്റ പുരോഗതി 100% കൈവരിക്കുന്നതിനാവശ്യമായ കർമ്മ പദ്ധതി ഔദ്യോഗിക ഭാഷാ വകുപ്പ് തയ്യാറാക്കിയിട്ടുള്ള നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി നടപ്പിലാക്കുന്നതിനായി 05/02/2014-ലെ സ.ഉ(കൈ) 5/2014/ഉഭപവ, 17/10/2014-ലെ സ.ഉ(കൈ) 35/2014/ഉഭപവ എന്നീ ഉത്തരവുകൾ വഴി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും എല്ലാ സർക്കാർ വകുപ്പുകൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/ അർദ്ധ സർക്കാർ/ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രൊഫോർമയുടെ വിവരങ്ങൾ അടങ്ങിയ പകർപ്പ് ഔദ്യോഗികഭാഷാ വകുപ്പിന് ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ